പ്രസ് റിലീസ്

4-10-2017

**അയൽക്കൂട്ട അംഗങ്ങളിലേക്ക് കുടുംബശ്രീയുടെ 'സന്ദേശ'മെത്തുന്നു:**
**ടി.സി.എസുമായി ചേർന്ന് പുതിയ മൊബൈൽ ആപ്ളിക്കേഷൻ**

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷൻ അധികൃതർക്ക് അയൽക്കൂട്ട അംഗങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിന് പുതിയ മൊബൈൽ ആപ് സന്ദേശ് വരുന്നു. സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന എല്ലാ അംഗങ്ങളുടെയും മൊബൈലിലും ഈ ആപ് ഇൻസ്റ്റാൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം ഈ മാസം നടക്കും.

പുതിയ മൊബൈൽ ആപ് വരുന്നതോടെ കുടുംബശ്രീയുടെ പുതിയ പദ്ധതികൾ തീരുമാനങ്ങൾ എന്നിവ സംബന്ധിച്ച് ഏറ്റവും എളുപ്പത്തിൽ അയൽക്കൂട്ടതലത്തിൽ വിവരങ്ങൾ അറിയിക്കാൻ സംസ്ഥാന-ജില്ലാ മിഷൻ അധികൃതർക്ക് സാധിക്കുമെന്നതാണ് സവിശേഷത. കുടുംബശ്രീ അധികൃതരുമായും അയൽക്കൂട്ട അംഗങ്ങൾക്ക് ആശയവിനിമയം നടത്തുന്നതിനും സംശയനിവാരണത്തിനും ഇതിലൂടെ അവസരമൊരുങ്ങും. 44 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുള്ള കുടുംബശ്രീയിൽ സ്മാർട്ട് ഫോൺ ഉള്ള എല്ലാ അയൽക്കൂട്ട അംഗങ്ങൾക്കും പുതിയ മൊബൈൽ ആപ്പിന്റെ പ്രയോജനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ പത്തുലക്ഷം കുടുംബങ്ങൾക്ക് മൊബൈൽ ആപ്പിന്റെ സേവനം ലഭ്യമാക്കും. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സംസ്ഥാന ജില്ലാമിഷൻ ഓഫീസിലെ ജീവനക്കാർ ആയിരത്തിലധികം വരുന്ന സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവരുടെ മൊബൈൽ നമ്പരുകൾ ശേഖരിച്ചിട്ടുണ്ട്.

ഹൈദരബാദിലെ ടാറ്റാ കൺസൾട്ടൻസി സർവീസി(ടി.സി.എസ്)ന്റെ സാമൂഹ്യ ഉത്തരവാദിത്വ പദ്ധതിയുടെ ഭാഗമായാണ് മൊബൈൽ ആപ്പിന്റെ രൂപകൽപന. പുതിയ മൊബൈൽ ആപ് കുടുംബശ്രീക്ക് സൗജന്യമായാണ് നൽകുന്നത്. മൊബൈൽ ആപ് ആവശ്യമുള്ള അയൽക്കൂട്ട അംഗങ്ങൾ അത് ബന്ധപ്പെട്ട സി.ഡി.എസുകളിൽ അറിയിക്കണം. സി.ഡി.എസുകൾ മുഖേന ലഭിക്കുന്ന നമ്പരുകൾ ജില്ലാ മിഷനുകളിലേക്കും തുടർന്ന് സംസ്ഥാനമിഷനിലും എത്തിക്കും. ഇപ്രകാരം ലഭിക്കുന്ന മൊബൈൽ നമ്പരുകളുടെ രജിസ്ട്രേഷൻ നടപ്പാക്കുന്നതിന്റെ ചുമതല കുടുംബശ്രീയുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിനാണ്. രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മൊബൈൽ ആപ് ഡൗൺലോഡ് ചെയ്യാനുള്ള ലിങ്ക് അയൽക്കൂട്ട അംഗങ്ങൾക്ക് ലഭിക്കും. പൂർണമായും മലയാളത്തിൽ രൂപകൽപന ചെയ്തിട്ടുള്ള ആപ് സൗജന്യമായാണ് ടി.സി.എസ് കുടുംബശ്രീക്ക് നൽകുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ